# അഹ്‌ലുൽ ബൈത്തിന്റെ മൻഹജ്

## വീക്ഷണവും പ്രയോഗവും - ഭാഗം 1

**ഗ്രന്ഥകർത്താവ്:** ഇമാം മുഹിബ്ബുദ്ദീൻ അബ്ബാസ് അൽകാളിമി
**ഗ്രന്ഥം:** ശിയാ ലോകത്തിലൂടെ ഒരു യാത്ര
**വിവർത്തനം:** കബീർ എം. പറളി

## പ്രവാചകനും (ﷺ) ഇമാമുകളും (ﷺ)

ഐഹിക ജീവിതത്തിന്റെ ആഡംബരങ്ങളും ആസ്വാദനങ്ങളും മറ്റാരേക്കാളും ഒഴിവാക്കിയവരായിരുന്നു പ്രവാചകൻ(ﷺ). തന്റെയും കുടുംബത്തിന്റെയും ആവശ്യങ്ങൾക്കല്ല, ദീനിലും ദീനി പ്രബോധനത്തിലുമുള്ള കാര്യങ്ങൾക്കായിരുന്നു അവിടുന്ന് അതീവ ശ്രദ്ധ നൽകിയിരുന്നത്.

ഈന്തയോലകൾ കൊണ്ടു നെയ്തെടുത്ത പായയിൽ നിലത്തു കിടന്നുറങ്ങിയ പ്രവാചകൻ(ﷺ). ഉറങ്ങിയെഴുന്നേൽക്കുന്ന തിരുമേനിയുടെ ശരീരത്തിൽ ഓലപ്പാടുകൾ തടിച്ചു കാണുമായിരുന്നു. സ്വഹാബികൾ ചോദിക്കും. റസൂലേ, താങ്കൾക്കു ഞങ്ങളൊരു കിടക്കയുണ്ടാക്കിത്തന്നോട്ടെ. അവിടുന്ന് മറുപടി പറയും ഞാനും ദുനിയാവുമായി എന്തു ബന്ധം. തണലിലൽപം വിശ്രമിക്കുകയും പിന്നെ നടന്നു നീങ്ങുകയും ചെയേണ്ട ഒരു യാത്രികനെപ്പോലെയല്ലേ ഈ ദുനിയാവിൽ ഞാൻ.

കുറച്ചാളുകൾ കൂടിനിന്ന് തങ്ങളുടെ ചെറ്റക്കുടിൽ  നന്നാക്കിക്കൊണ്ടിരിക്കുകയാണ്. അതു വഴി വന്ന പ്രവാചകൻ അവരോടു ചോദിച്ചു. എന്തു ചെയ്യുന്നു. അവർ പറഞ്ഞു. കുടിലിന്റെ കാലുകൾക്കൊക്കെ ബലക്ഷയം വന്നിരിക്കുന്നു നബിയേ, ഞങ്ങളതൊന്നു ശരിയാക്കുകയാണ്. അതിനെക്കാളും വേഗതയിലാണ് സ്വഹാബാക്കളെ, മരണത്തിന്റെ വരവ്. പ്രവാചകൻ അവരെ ചിന്തിപ്പിച്ചു.

വിശപ്പിനാൽ കല്ല് വയറിൽ കെട്ടി നടന്ന നബി. ഒന്നും രണ്ടും മാസങ്ങൾ അവിടുത്തെ വീട്ടിലെ അടുപ്പു പുകയാറില്ലായിരുന്നു. പച്ചവെള്ളവും കാരക്കയുമായി കഴിഞ്ഞു കൂടാറുള്ള നാളുകൾ. അയൽവാസികൾ കൊടുത്തയക്കുന്ന ആട്ടിൻ പാൽ കുടിച്ചും ഭാര്യമാരെ കുടിപ്പിച്ചും പശിയടക്കിയ പ്രവാചകൻ.

ഒരു നേരത്തെ ഗോതമ്പിന്റെ പത്തിരിയെങ്കിലും വയറു നിറച്ചുണ്ണാത്ത നിലയിലാണ് തിരുമേനി ഇഹലോകം വിട്ടകന്നത്. ജീവിതത്തിന്റെ അവസാന നാളുകളിൽ അല്ലാഹു നൽകിയ വിജയങ്ങളും സമ്പത്തും കൊണ്ട് സുഖസമൃദ്ധമായ ജീവിതം പ്രവാചകനാകാമായിരുന്നു, എന്നിട്ടും.

പ്രവാചകനോടൊത്തുള്ള ജീവിതത്തിൽ ദാരിദ്ര്യവും ക്ലേശങ്ങളും അനുഭവിച്ചിരുന്ന പത്നിമാർ അതിനെപ്പറ്റി ഒരിക്കൽ തിരുമേനിയോട് ആവലാതിപ്പെടുകയുണ്ടായി. ഖൈബർ യുദ്ധാനന്തരം ലഭിച്ച സ്വത്തും സമ്പത്തും പ്രവാചകന്റെ കൈവശം ധാരാളമുള്ള സമയം. ഏതു നിലക്കും അവരുടെ ആവശ്യം പരിഗണിക്കാവുന്ന സന്ദർഭമായിരുന്നു അത്. എന്നാൽ, പടച്ചതമ്പുരാന്റെ വഹ്യിറങ്ങുകയാണ്. നിലവിലുള്ള ജീവിത സാഹചര്യം അനുഭവിച്ച് വേണമെങ്കിൽ പ്രവാചകനോടൊപ്പം അവർക്ക് കഴിയാം. അല്ലെങ്കിൽ ആവശ്യമായ ജീവിത വിഭവം പ്രവാചകനിൽ നിന്നും കൈപറ്റി, വിവാഹ മോചനം നേടി പിരിയാം. ഖുർആൻ അതിങ്ങനെ പറഞ്ഞു.

നബിയേ, നിന്റെ ഭാര്യമാരോട് നീ പറയുക. ഐഹികജീവിതവും അതിന്റെ അലങ്കാരങ്ങളുമാണ് നിങ്ങൾ ഉദ്ദേശിക്കുന്നതെങ്കിൽ നിങ്ങൾ വരൂ, നിങ്ങൾക്ക് ഞാൻ ജീവിത വിഭവം നൽകുകയും, ഭംഗിയായ നിലയിൽ ഞാൻ നിങ്ങളെ മോചിപ്പിച്ച് അയച്ചു തരികയും ചെയ്യാം. അല്ലാഹുവെയും അവന്റെ ദൂതനെയും പരലോക വിഭവത്തെയുമാണ് നിങ്ങളുദ്ദേശിക്കുന്നതെങ്കിൽ നിങ്ങളുടെ കൂട്ടത്തിൽ സദ്വൃത്തകളായിട്ടുള്ളവർക്ക് അല്ലാഹു മഹത്തായ പ്രതിഫലം ഒരുക്കി വെച്ചിട്ടുണ്ട്. (അഹ്സാബ്: 28,29)

വിശപ്പു താങ്ങാൻ കഴിയാതെ എത്ര പ്രാവശ്യം തിരുമേനി(ﷺ) ഇരുന്നു നമസ്കരിച്ചിരിക്കുന്നു. ഒരിക്കൽ ഒരു കഷ്ണം ഗോതമ്പു പത്തിരിയുമായി ഫാത്വിമ(റ) ഉപ്പാന്റെ അടുക്കലേക്ക് വന്നു. നബി ചോദിച്ചു. എന്താണ് കയിൽ. പത്തിരിയാണുപ്പാ, ഇത് ഉപ്പാക്ക് നൽകാതെ ഒറ്റക്ക് തിന്നാൻ എനിക്കു മനസു വന്നില്ല. ഇതും പറഞ്ഞ് ഫാത്വിമ പ്രവാചകന്നതു നൽകി. തിരുമേനി പറഞ്ഞു. മോളേ, ഉപ്പയുടെ വായയിൽ മൂന്നു ദിവസത്തിനുള്ളിൽ ആദ്യമായെത്തുന്ന പാചകം ചെയ്ത ഭക്ഷണമാണിത്.

അതൊന്നും പക്ഷെ പ്രവാചകനെ തളർത്തിയിരുന്നില്ല. ദുനിയാവു മുഴുവൻ കയ്യെത്തും ദൂരത്തുണ്ടായിരുന്നിട്ടും അവിടുന്ന് ഉള്ളതിൽ തൃപ്തികാട്ടുകയായിരുന്നു. സ്വദഖയും സകാത്തും തനിക്കും തന്റെ കുടുംബത്തിനും നിഷിദ്ധമായി പ്രഖ്യാപിക്കുക പോലും ചെയ്തു നബി തിരുമേനി(ﷺ). താനും തന്റെ കുടുംബവും സമൂഹത്തിന് മാതൃകയാകാനുതകും വിധം ജീവിക്കുകയായിരുന്നു അവിടുന്ന്.

മക്കാ താഴ്വര പൊന്നാക്കിത്തരാമെന്നു പറഞ്ഞ അല്ലാഹുവിനോട് തിരുമേനി പ്രതിവചിച്ചത്, വേണ്ട നാഥാ, വേണ്ട. ഒരു ദിവസം ഭക്ഷണവുമായുള്ള ഈ നില തന്നെയാണ് ഉത്തമം. എങ്കിൽ പശിയടക്കുമ്പോൾ എനിക്കു നിന്നെ ഓർക്കാനും സ്തുതിക്കാനും സാധിക്കും. വിശക്കുമ്പോൾ നിന്റെ മുമ്പിൽ വിനയാന്വിതനായി നിന്ന് പ്രാർത്ഥിക്കാനും കഴിയും. അതെ, ഈ മഹാനുഭാവൻ ദുനിയാവു വിട്ടു പോകുമ്പോൾ തന്റെ പടച്ചട്ട ഒരു ദൂതന്റെ കൈവശം പണയത്തിലായിരുന്നു. ഒരു സ്വാഅ് ബാർലിക്കുവേണ്ടി.

കാലങ്ങളെത്ര കഴിയട്ടെ, പരമ്പരകളെത്ര നീളട്ടെ, അഹ്ലുൽ ബൈത്തിനേക്കാൾ, ഈ മഹാ പ്രവാചകനെ പിന്തുടരാൻ അർഹരായി മറ്റാരുണ്ട് ഭൂമിയിൽ.

**പിതാമഹന്റെ കാൽപാടുകൾക്കൊപ്പം**

പരിശുദ്ധരായ അഹ്ലുൽ ബൈത്ത്, വിശിഷ്യാ അവരിലെ തലയെടുപ്പുള്ള ഇമാമുകൾ, തങ്ങളുടെ പ്രവാചകനോടുള്ള ഉത്തരവാദിത്തം പാലിച്ചവരാണ്. അവിടുത്തെ മാർഗം അവർ പിന്തുടർന്നു.

ആ ജീവിത രീതിയെ അവർ അനുസരിച്ചു. ജനങ്ങളിൽ നിന്നും ഒന്നും അനർഹമായി പ്രതീക്ഷിക്കാതെ, തങ്ങളുടെ പിതാമഹനെപ്പോലെത്തന്നെ ലൗകിക വിരക്തിയും ജീവിത പരിശുദ്ധിയും അവരും കാത്തു സൂക്ഷിച്ചു. ഇവർക്ക് നന്നായറിയാമായിരുന്നു. ആരാന്റെ മുമ്പിൽ താഴ്ന്നു നിൽക്കുന്ന കയ്യിനേക്കാൾ ഉത്തമം ആരാനു വേണ്ടി ഉയർന്നു നിൽക്കുന്ന കയ്യാണ്, എന്ന്.

എത്രയെത്ര ചരിത്ര ഗ്രന്ഥങ്ങൾ, ഹദീസു രേഖകൾ, ആധികാരിക പ്രസ്താവങ്ങൾ ഈ മഹത്തുക്കളുടെ അതിശയിപ്പിക്കുന്ന ജീവിത പാരമ്പര്യം നമ്മോടു പറഞ്ഞു തരുന്നു. അല്ലാഹുവിലുള്ള അവരുടെ തവക്കുലും, അവനോടുള്ള നല്ല വിചാരവും, പ്രയാസത്തിലായിരുന്നാലും പ്രമോദത്തിലായിരുന്നാലും റബ്ബുമായുള്ള അവരുടെ ഇടമുറിയാത്ത ബന്ധവും അവ വിളിച്ചോതുന്നുണ്ട്.

ജനങ്ങൾക്കു വേണ്ട അിറിവുകൾ പകർന്നു നൽകിയും അവരെ മുഴുവൻ ശരിയായ ദിശയിലേക്ക് വഴി നയിച്ചും അവരോടുള്ള തങ്ങളുടെ ഉത്തരവാദിത്തം കണിശമായി നിർവഹിച്ചവരാണ് ഇമാമുകൾ. അവരതിന് ജനങ്ങളിൽ നിന്നും ഒരു ദീനാറു പോലും പ്രതീക്ഷിച്ചില്ല. മറിച്ച്, തങ്ങളുടെ സേവനവും സമയവും സമ്പത്തും അവർക്കായി നൽകുകയായിരുന്നു. അവരുടെ നാവുകൾ എന്നും ഉരുവിട്ടിരുന്നത്, അല്ലാഹുവിന്റെ പ്രീതിക്കു വേണ്ടി മാത്രമാണ് ഞങ്ങൾ നിങ്ങൾക്ക് ആഹാരം നൽകുന്നത്. നിങ്ങളുടെ പക്കൽനിന്ന് യാതൊരു പ്രതിഫലവും നന്ദിയും ഞങ്ങൾ ആഗ്രഹിക്കുന്നില്ല (ദഹ്ർ:9) എന്നാണ്.

മഹാനായ അലി(റ)യുടെ പ്രസിദ്ധമായ ഒരു ഉപദേശമുണ്ട്. ജനങ്ങളേ, രണ്ടു കാര്യങ്ങൾ നിങ്ങളിലുണ്ടാകുന്നതിനെ ഞാൻ ഭയക്കുകയാണ്. ഒന്ന്, ദേഹേച്ഛയെ പിന്തുടരുക. രണ്ട്, അത്യാഗ്രഹം വെച്ചു പുലർത്തുക. ദേഹേച്ഛയെ പിന്തുടർന്നാൽ അത് നിങ്ങളെ സത്യത്തിൽ നിന്നും തടഞ്ഞു നിർത്തും. അത്യാഗ്രഹമാകട്ടെ പരലോക ചിന്തയെ വിസ്മരിപ്പിക്കും.

ജനങ്ങളേ അിറയുക, പരലോകം മുന്നോട്ടും ഇഹലോകം പിന്നോട്ടും നടന്നു കൊണ്ടിരിക്കുകയാണ്, രണ്ടു ലോകത്തിനും അവയുടേതായ മക്കളുണ്ട്. നിങ്ങൾ പരലോകത്തിന്റെ മക്കളാകുക, ഇഹലോകത്തിന്റേതാകരുത്, എന്തു കൊണ്ടെന്നാൽ ഓരോ സന്താനവും അന്ത്യദിനത്തിൽ അവനവന്റെ മാതാവുമായി കൂടിച്ചേരേണ്ടതുണ്ട്. ഇന്ന് പ്രവർത്തിക്കാനുള്ള സമയമാണ്. വിചാരണയില്ല. നാളെയാകട്ടെ, വിചാരണമാത്രം. പ്രവർത്തിക്കാൻ അവസരം കാണില്ല. (ശറഹു നഹ്ജുൽ ബലാഗ. ഇബ്നു അബിൽ ഹദീദ് . 2/318)

പ്രവാചകനെ അനുസ്മരിച്ചു കൊണ്ട് ഒരിക്കലദ്ദേഹം പറഞ്ഞു. തിരുമേനി ദുനിയാവിനെ നിസാരമായി കണ്ടു. അല്ലാഹു തനിക്കായി തെരഞ്ഞെടുത്തത് ഇതല്ലെന്നും അറിഞ്ഞു. മനസാ ദുനിയാവിൽ നിന്നകന്ന പ്രവാചകൻ അതിനെ ഓർക്കുന്നതു പോലും മരവിപ്പിച്ചു. ഐഹിക വിഭവങ്ങളുടെ മാസ്മരികത അവിടുത്തെ കണ്ണിൽ പെടാതിരിക്കാൻ പരമാവധി സൂക്ഷിച്ചു. അതിൽ നിന്നൊരു തൂവൽതൂക്കമെങ്കിലും അനുഭവിക്കാതിരിക്കാൻ. (ശറഹു നഹ്ജുൽ ബലാഗ. ഇബ്നു അബിൽ ഹദീദ്, 7/318)

**നമ്മെ ബാധിച്ച സാരമായ വിപത്ത്**

ഇത്തരം സാരവത്തായ പ്രസ്താവങ്ങൾ വായിക്കുകയും, അഭിമാനത്തിനും പ്രൗഢിക്കും മാത്രമായി ജനമദ്ധ്യേ ഉദ്ധരിക്കുകയും ചെയ്യുന്ന നമ്മൾ. ശിയാക്കൾ അവയുടെ അർത്ഥവും ആശയവും അല്പം പോലും ഗ്രഹിക്കാതെ മത്തൻമാരായി നടക്കുന്നു എന്നതാണ് വലിയ വിപത്ത്. മഹത്തായ ഈ ഉപദേശങ്ങളെ ഉൾക്കൊണ്ട് അല്പമെങ്കിലും ചെയ്തെങ്കിലേ അല്ലാഹുവിങ്കൽ ഉപകാരമുണ്ടാകൂ എന്നു നാമറിയുന്നില്ല. പടച്ചവൻ പറഞ്ഞു 'സത്യവിശ്വാസികളേ, നിങ്ങൾ ചെയാത്തതെന്തിന് നിങ്ങൾ പറയുന്നു. നിങ്ങൾ ചെയാത്തത് നിങ്ങൾ പറയുക എന്നത് അല്ലാഹുവിങ്കൽ വലിയ ക്രോധത്തിന് കാരണമായിരിക്കുന്നു'. (സ്വഫ്: 2,3)

സ്വാലിഹുകളുടെ ചരിത്രവും പണ്ഡിതന്മാരുടെ ഉപദേശവും എത്രകണ്ട് കേട്ടാലും വായിച്ചാലും അവ നമ്മുടെ ജ്ഞാനേന്ദ്രിയത്തിൽ നിന്നും ക്ഷയിച്ചു പോകുന്നു എന്നത് നമ്മെ ബാധിച്ച മാറാവ്യാധിയാണ്. നമ്മളെ സംബന്ധിച്ചിടത്തോളം നാം കേൾക്കുന്നതും ഉദ്ധരിക്കുന്നതും കടന്നു പോകുന്നതുമായ സകലതും, എന്നും ട്രാഫിക് സിഗ്നലുകൾ താണ്ടിപോകുന്ന ഒരു ഡ്രൈവറെപ്പോലെയാണ്. അതിൽ നിന്നും അവനൊന്നും പഠിക്കാനില്ല. അവന്റെ ജീവിതത്തെ അവയൊട്ടും സ്വാധീനിക്കുന്നുമില്ല. സിഗ്നലുകളുടെ ചന്തവും അക്ഷരങ്ങളുടെ വടിവും കണ്ണഞ്ചിപ്പിക്കുന്ന നിറക്കൂട്ടും നിത്യവും കാണുന്നു എന്നു മാത്രം. അതെ, നമ്മുടെ വാക്കുകൾക്കും പ്രവർത്തികൾക്കുമിടയിൽ ബഹുദൂര വിടവുണ്ട്.

**വാക്കുകളെ കർമ്മങ്ങൾ സാധൂകരിക്കും**

അമീറുൽ മുഅ്മിനീൻ അലിയ്യിബ്ൻ അബീത്വാലിബിന്റെ ജീവിതം അദ്ദേഹത്തിന്റെ വാക്കുകളുടെയും ഉപദേശങ്ങളുടെയും നേർപകർപ്പായിരുന്നു. അധികാരശീർഷത്തിലിരിക്കുമ്പോഴും അദ്ദേഹം ദരിദ്ര ജീവിതം നയിച്ചു. ഐഹികാഢംബരങ്ങളെ തന്റെ ഭാര്യാ സന്താനങ്ങളിൽ നിന്നും കുടുംബാംഗങ്ങളിൽ നിന്നും ആ മഹാൻ അകറ്റി നിർത്തി. ആർക്കും പിന്തുടരാവുന്ന മാതൃകയാക്കി അവരെ അദ്ദേഹം വളർത്തി.

ഒരിടങ്ങഴി ഗോതമ്പുമാവു പോലും എടുക്കാനില്ലാതെ ദാരിദ്ര്യത്തിന്റെ അങ്ങേയറ്റം കണ്ട തന്റെ സഹോദരൻ ഉകൈൽ, വിശപ്പിന്റെ കാളിമ പടർന്ന മുഖവുമായി കഴിഞ്ഞുകൂടുന്ന തന്റെ കുടുംബത്തിനും തനിക്കും വിശപ്പടക്കാനുള്ള വല്ലതും ബൈത്തുൽ മാലിൽ നിന്ന് തരണമെന്ന് ഇടക്കിടക്കു വന്ന് ആവശ്യപ്പെട്ട സന്ദർഭം അനുസ്മരിച്ചുകൊണ്ട് അമീറുൽ മുഅ്മിനീൻ അലി(റ) പറയുന്ന വാക്കുകൾക്ക് കാതോർക്കുക.

പാറിപ്പറന്ന മുടിയും, ചെളിപിടിച്ച നിറവും, ദാരിദ്ര്യം കൊണ്ട് കരിവാളിച്ച മുഖവുമായി കഴിയുന്ന അദ്ദേഹത്തിന്റെ മക്കൾ, ഉകൈൽ പലവുരു എന്നെ സമീപിച്ച് അവരുടെ ദരിദ്ര്യാവസ്ഥയെ ബോധ്യപ്പെടുത്തി. എനിക്കതു ബോധ്യമാണു താനും. പക്ഷെ വിഹിതവും കഴിച്ച് വീണ്ടും ആവശ്യപ്പെട്ടാൽ . . . അദ്ദേഹത്തിന്നു വേണ്ടി എന്റെ ദീനിനെ വിൽക്കുകയോ. എന്റെ ശൈലി വിട്ട് അവൻ നയിച്ച വഴിയേ ഞാൻ നടക്കുകയോ. ഒരിക്കൽ ഈ ആവശ്യവുമായി വീണ്ടും വന്ന ഉകൈലിനെ ഒരു പാഠം പഠിപ്പിക്കാനായി പഴുപ്പിച്ച കമ്പി കൊണ്ടു ഞാൻ ചൂടു വെച്ചു. വേദന കൊണ്ടു നിലവിളിച്ച എന്റെ സഹോദരനോടു പറഞ്ഞു. ഉകൈലേ, ഭൂമിയിലെ ഉമ്മമ്മാർക്കൊക്കെ നീയൊരു ഭാരമാണ്. ഒന്നു കളിപ്പിക്കാൻ മാത്രം പഴുപ്പിച്ച കമ്പികൊണ്ട് ചൂടുവെച്ചപ്പോൾ നീ വേദനകൊണ്ട് അലമുറയിടുന്നു. അതെ സമയം, പടച്ചതമ്പുരാന്റെ കോപം കൊണ്ട് കത്തിജ്ജ്വലിക്കുന്ന നരകാഗ്നിയിലേക്ക് എന്നെ നീ വലിച്ചിടുകയും ചെയ്യുന്നു. ചെറിയൊരു ചൂടിനാൽ അലറുന്ന നീ, കത്തിയാളുന്ന നരകത്താൽ ഞാൻ അലമുറയിടില്ലെന്നു കരുതുന്നുവൊ.

എന്തടിസ്ഥാനത്തിലാണ് ഇനിയും ഞാൻ നിനക്കു നൽകേണ്ടത്? കുടുംബ ബന്ധത്തിന്റെ പേരിലോ, സ്വദഖയായൊ, സകാത്തായൊ. ഇത് മൂന്നും അഹ്ലുൽ ബൈത്തിന് നിഷിദ്ധ

മാണെന്നറിയില്ലെ നിനക്ക്. ഉഖൈൽ പറഞ്ഞു. ആ നിലക്കൊന്നുമല്ല ഞാൻ ചോദിച്ചത്, ഹദ്‌യ(സമ്മാനം)യായി നൽകിയാൽ മതി. ഞാൻ പറഞ്ഞു നന്നായിരിക്കുന്നു, ദീനും കൊണ്ടാണല്ലെ എന്നെ വഞ്ചിക്കാനായി നീ വന്നിരിക്കുന്നത് (ശറഹു നഹ്ജുൽ ബലാഗ 11/245)

അനർഹമായി നേടിയ സമ്പത്തിന്റെയും കുന്നുകൂടിയ ആസ്തിയുടെയും ആഡംഭരത്തിന്റെയും ളോഹകൾക്കുള്ളിൽ കഴിയുന്ന ചിലരുമായി ഈ യാഥാർത്ഥ്യങ്ങളെ തട്ടിച്ചു നോക്കുമ്പോൾ, താടിയും മോടിയുമണിഞ്ഞ അരമാനത്തിന്റെ ആൾ രൂപങ്ങളെ ഞാൻ നേരിൽ കാണുകയാണ്. എന്നല്ല, അതിനേക്കാൾ കയ്പേറിയതും അതിശയിപ്പിക്കുന്നതുമായ പലതും ഇനിയും കാണാനായിട്ടുണ്ട്.

ധനം എല്ലാ താന്തോന്നിത്തത്തിന്റെയും മൂലഘടകമാണ് എന്ന ആപ്തവാക്യം ഓർമ്മ വരികയാണ്. (ശറഹു നഹ്ജുൽ ബലാഗ 18/193)

മഹാനായ അമീറുൽ മുഅ്മിനീൻ ദ്രവിച്ച, കണ്ടം വെച്ച വസ്ത്രമണിഞ്ഞു ജീവിച്ചയാളായിരുന്നു. അദ്ദേഹത്തോടൊരാൾ അതിനെപ്പറ്റി ചോദിച്ചപ്പോൾ പറഞ്ഞു: ഹൃദയം എന്നും അവനെ (അല്ലാഹുവിനെ) ഭയന്നു കഴിയുന്നു. മനസ് അവന്റെ മുന്നിൽ കീഴൊതുങ്ങി നിൽക്കുന്നു. ഒരു വിശ്വാസി അവന്റെ വിധികളെ പിന്തുടർന്നുകൊണ്ട് ജീവിക്കുന്നു. (ശറഹു നഹ്ജുൽ ബലാഗ 18/48) ഈ മറുപടിയിൽ എല്ലാ അർത്ഥങ്ങളുമുണ്ട്.

പൊതു ഖജനാവിലുള്ളതെല്ലാം പ്രജകളിലെ അർഹർക്ക് വീതം വെച്ചു നല്കുന്നത് അദ്ദേഹത്തിന്റെ കൈകൾ കൊണ്ടുതന്നെയായിരുന്നു. ഖജാനവു മുഴുവൻ സ്വയം തന്നെ അടിച്ചു വൃത്തിയാക്കും. ശേഷം രണ്ടു റക്അത്ത് നമസ്കരിച്ചിട്ടേ അവിടം വിടാറുള്ളൂ. എന്നാൽ അദ്ദേഹത്തിന്നു ശേഷം വന്ന ഒരു തലമുറയുണ്ട്. അവർ ഖജനാവു അടിച്ചു വൃത്തിയാക്കുകയില്ല, അതിലെ സമ്പത്ത് മുഴുവൻ അടിച്ചെടുക്കുകയാണ് ചെയ്യുന്നത്.

### കറപുരളാത്ത തൗഹീദ്

അലി(റ) പടച്ചവനെ വിശദീകരിക്കുന്നത് കാണുക. എല്ലാം അവനെയാണ് ഭയക്കുന്നത്. എല്ലാം അവനാലാണ് നിലനിൽക്കുന്നത്. ഏതു ദരിദ്രന്റേയും സമ്പന്നതയാണവൻ. ഏതു അധസ്ഥിത ന്റേയും അഭിമാന കേന്ദ്രമാണവൻ. ഏതു ദുർബലന്റേയും ശക്തിയാണവൻ. ഏതു അശരണന്റേയും ആശ്രയ കേന്ദ്രമാണവൻ. (ശറഹു നഹ്ജുൽ ബലാഗ 7/194)

ഒരിക്കൽ കൂടി പറഞ്ഞോട്ടെ, ഇമാമുകളുടെ വാക്കുകളെ ജീവിതത്തിൽ ഉൾക്കൊള്ളാനും പാലിക്കാനുമല്ലാതെ, പെരുമക്കും താൻപോരിമക്കും മാത്രമായി നമ്മൾ തള്ളുന്നു എന്നത് നമ്മെ ബാധിച്ച ശാപമാണ്. പ്രാർത്ഥിക്കാനും സഹായം തേടാനും അഭയം ലഭിക്കാനും അല്ലാഹു അല്ലാത്തവരിൽ ആശ്രയം തേടുന്ന എത്ര പേരാണ് നമ്മുടെ കൂട്ടത്തിലുള്ളത്. പ്രാർത്ഥനകൾ കൊണ്ടും നേർച്ച വഴിപാടുകൾ കൊണ്ടും ദൈവേതരരിലാണ് അഭയവും ആശ്രയവും അടുപ്പവും അധികപേരും പ്രതീക്ഷിക്കുന്നത്. ഇക്കാര്യത്തിൽ തങ്ങളും തങ്ങളുടെ ഇമാമായ അലി(റ)യും രണ്ടു വിരുദ്ധ പാതകളിലൂടെയാണ് സഞ്ചരിക്കുന്നത് എന്ന് അവരറിയുന്നേയില്ല. അദ്ദേഹമല്ലെ നമുക്ക് പറഞ്ഞ് തന്നത്, അല്ലാഹുവിലേക്ക് സാമീപ്യം തേടുന്നവർക്കുള്ള ഉത്തമമായ വസീല, അല്ലാഹുവിലും അവന്റെ ദൂതനിലുമുള്ള വിശ്വാസവും, ദൈവ മാർഗത്തിലുള്ള ജിഹാദുമാണ്. ഇസ്‌ലാമിന്റെ കിരീടമാണത്. സംശുദ്ധമായ തൗഹീദി വചനമാണത്. മനുഷ്യന്റെ ശുദ്ധ പ്രകൃതിയാണത്. നമസ്കാരം മുറ പ്രകാരം നിലനിർത്തലാണത്. പിന്തുടരേണ്ട മില്ലത്താണത്. സകാത്തു നൽകലാണത്. നിർവഹിക്കേണ്ട ബാധ്യതയാണത്. രഹസ്യമായ സ്വദഖയാണത്. പാപങ്ങളെ മുറിച്ചു കളയുന്നതാണത്. വിശ്വാസികളേ, നിങ്ങൾ പ്രവാചകന്റെ മാർഗം പിന്തുടരുക. അതിനനുസരിച്ച് ജീവിക്കുക. അത് ഏറ്റവും മാതൃകായോഗ്യമായ മാർഗമാണ്. വിശ്വാസികളേ നിങ്ങൾ ഖുർആൻ പഠിക്കുക. അതത്രെ ഏറ്റവും നല്ല വൃത്താന്തം. അതിൽ നിന്നും വിജ്ഞാനം കരസ്ഥമാക്കുക. അതത്രെ ഹൃദയത്തിന്റെ വസന്തം.( ശറഹു നഹ്ജുൽ ബലാഗ 7/121)

**നിയമവും നാമും**

പ്രവർത്തിക്കാത്തവന് കുലമഹിമ പറയാനില്ല (ശറഹു നഹ്ജുൽ ബലാഗ. 19/331) എന്നത് നമ്മുടെ തന്നെ ഗ്രന്ഥങ്ങൾ പഠിപ്പിക്കുന്നതാണ് പ്രവാചക ശ്രേഷ്ഠനെ അനുസരിക്കുന്നവൻ, അവിടുത്തെ ബന്ധുവാണ്. സാക്ഷാൽ കുടുംബബന്ധം അയാൾക്കില്ലെങ്കിലും ശരി. തിരുമേനിയോട് എതിരു പ്രവർത്തിക്കുന്നവൻ, കുടുംബക്കാരനാണെങ്കിലും ശരി, അവിടുത്തെ ശത്രുവാണ്. (ശറഹു നഹ്ജുൽ ബലാഗ 18/252)

ഈ മഹത്തായ മാനദണ്ഡം പ്രാവർത്തികമാക്കിയാൽ അതിന്റെ പരിണിതഫലം എവിടെയെല്ലാം എത്തുമെന്നൊ..

**അവർ വാങ്ങുന്നവരല്ല... നൽകുന്നവർ**

പ്രവാചക തിരുമേനി(ﷺ)യുടെ കാലടി പിന്തുടർന്നു തന്നെയായിരുന്നു ഇമാം അലിയും മക്കളും നടന്നത്. ഒരു സംഭവം കാണുക, ഒരിക്കൽ ഇമാം ഹസൻ (റ) ചില സാധനങ്ങൾ വാങ്ങാനായി അങ്ങാടിയിലെ ഒരു കടയിൽ കയറി. സാധനത്തിന്റെ വിലയിൽ അദ്ദേഹം കച്ചവടക്കാരനോട് വില പേശി പൈസയുറപ്പിച്ചു. അപ്പോഴാണ് തന്റെ മുമ്പിൽ നിൽക്കുന്നത് പ്രവാചകന്റെ പേരമകൻ ഹുസൈനുബ്നു അലിയെന്ന് അയാളറിഞ്ഞത്. അദ്ദേഹത്തോടുള്ള സ്നേഹ ബഹുമാനത്താൽ ഉടനെ അയാൾ തന്റെ സാധനത്തിന് വില കുറച്ചു. എന്നാൽ ഇമാം ഹുസൈൻ (റ) ചെയ്തതെന്തെന്നോ. അയാളിൽ നിന്നും വാങ്ങിയ സാധനം അയാൾക്കു തന്നെ തിരിച്ചു നൽകി ഇങ്ങനെ പറഞ്ഞു. അല്ലാഹുവിന്റെ റസൂൽ മുഖേന എനിക്കുള്ള പദവിയെ ഈ നിസാര സാധനത്തിനു വേണ്ടി ഉപയോഗിക്കാൻ എനിക്കിഷ്ടമില്ല. അദ്ദേഹം തിരിച്ചു നടന്നു.

ഇമാം സജ്ജാദ് (റ) എവിടെയെങ്കിലും യാത്ര ചെയ്തെത്തിയാൽ തന്നെപ്പറ്റിയുള്ള സത്യാവസ്ഥ മറച്ചു വെക്കുമായിരുന്നത്രെ. തന്നിൽ നിന്ന് പ്രതിഫലം വാങ്ങാത്ത ഒരു സാധനവും ആരിൽ നിന്നും അദ്ദേഹം സ്വീകരിക്കാറില്ല. അദ്ദേഹം പറയുമായിരുന്നു. ഞാൻ പണം നൽകിയിട്ടില്ലാത്ത ഒന്നും പ്രവാചകനോടുള്ള ബന്ധത്തിന്റെ പേരിൽ സ്വീകരിക്കുന്നത് എനിക്ക് ഇഷ്ടമുള്ള കാര്യമല്ല. ഞാൻ പറയട്ടെ, പ്രവാചകനുമായുള്ള കുടുംബബന്ധം ഇന്നു പക്ഷെ, ധന സമ്പാദനത്തിനുള്ള തൊഴിലായി പരിണമിച്ചിരിക്കുന്നു. എന്നല്ല, ഭക്ഷണത്തിനും സകലമാന സുഖാഢംബരങ്ങൾ നേടുന്നതിനും പറ്റിയ ഏറ്റവും നല്ല മാധ്യമമായിരിക്കുന്നു അത്. ഞങ്ങൾ തങ്ങൻമാരാകുന്നു എന്നു വിളിച്ചോതുന്ന, നമ്മളെങ്ങാനും മറന്നു പോയിട്ടുണ്ടെങ്കിൽ അത് ഓർമ്മപ്പെടുത്തുന്ന ജാഡയും മോഡിയും അടയാളങ്ങളുമണിഞ്ഞാണ് പലരുടേയും നടപ്പ്, ഇമാം ബാക്കിർ (റ) പറഞ്ഞില്ലെ, പണക്കാരനെ നോട്ടമിട്ട ഒരു പണ്ഡിതനെ കാണുന്നുവെങ്കിൽ നീ ഉറപ്പിച്ചോളൂ, അയാൾ ഐഹിക തത്പരനാണ്. അതെ, ഇന്ന് അധിക പണ്ഡിതൻമാരും സമ്പന്ന രുടെ പിറകെയാണ്. അവരെ പ്രിയം വെച്ചും അവരുടെ അടുപ്പം കൊതിച്ചും ജീവിക്കുന്നവർ.

ഇമാം സാദിഖ്(റ)ന്റെ സ്വഭാവം ശ്രദ്ധിക്കുക. സ്വന്തം കുടുംബത്തിന് യാതൊന്നും ബാക്കി വെക്കാത്ത വിധം ദാനധർമ്മം ചെയ്യുമായിരുന്നു അദ്ദേഹം. തന്റെ പിതൃവ്യൻ സൈനുൽ ആബിദീനിനെ പോലെ സ്വദഖകൾ രഹസ്യമായി നൽകലാണ് അദ്ദേഹത്തിന്റെ പതിവ്. രാവു വീണ് ഇരുൾ നിറഞ്ഞ സമയങ്ങളിൽ, റൊട്ടിയും മാംസവും പണവുമായി പട്ടണത്തിലെ ഓരോ ആവശ്യക്കാരനെയും കണ്ട്, അവർക്ക് പോലും അറിയാൻ കഴിയാത്ത വിധത്തിൽ, അവയെല്ലാം കൊടുത്തു തീർക്കുമായിരുന്നു.

അദ്ദേഹത്തിന്റെ പുത്രൻ കാളിം(റ) ആവട്ടെ, ദാനധർമ്മത്തിന്റെ കാര്യത്തിൽ ഒരു പ്രതീകം തന്നെയായിരുന്നു.

**അവർ അധ്വാനിച്ചു തിന്നവർ**

അമീറുൽ മുഅ്മിനീൻ അലി(റ) തന്റെ ഭരണകാലത്തു പോലും കൂഫക്കു വെളിയിലെ ഒരു തോട്ടത്തിൽ കൂലി വേല ചെയ്തിട്ടാണ് കുടുംബം പോറ്റിയിരുന്നത്. ഇമാമുകൾ എല്ലാവരും അന്നന്നത്തെ ഭക്ഷണത്തിനു വേണ്ടി സ്വയം അധ്വാനിക്കുന്നവരായിരുന്നു.

ഇമാം സാദിഖി(റ)ന് ഒരു കൃഷിയിടമുണ്ടായിരുന്നു. അതിലദ്ദേഹം എന്നും പണി യെടുക്കാറുണ്ടായിരുന്നു. ഒരിക്കലദ്ദേഹം തന്റെ കൃഷിയിടത്തിൽ നിന്നും വിയർത്തൊഴുകി തിരിച്ചു വരുന്ന വഴിയിൽ ഒരു മനുഷ്യനെ കണ്ടുമുട്ടി. അയാൾ അദ്ദേഹത്തെ മര്യാദയില്ലാതെ ശകാരിക്കാനും ശപിക്കാനും തുടങ്ങി. അപ്പോൾ ഇമാം സാദിഖ്(റ) അയാളോടു പറഞ്ഞു. നിന്നെപ്പോലെയുള്ളവരെ ആശ്രയിക്കാതെ കഴിയാനാണ് ഭക്ഷണത്തിനു വഴിയും തേടി ഞാൻ ഇറങ്ങിയത്. (ഫുറൂഉൽ കാഫി,കീലീനി, പേജ് 5/74)

അബൂഹംസയിൽ നിന്നും കീലീനി തന്നെ ഉദ്ധരിക്കുന്ന മറ്റൊരു സംഭവമുണ്ട്. അബൂ ഹംസ പറയുകയാണ്. തന്റെ തോട്ടത്തിൽ പണിയെടുത്ത് വിയർപ്പിൽ കുളിച്ചു നിൽക്കുന്ന അബൂ ഹംസ(റ)വിനെ ഒരു ദിവസം ഞാൻ കണ്ടു. ഞാൻ പറഞ്ഞു. താങ്കൾക്കു ഞാൻ ബലിയാണ്, വേറെ ആരുണ്ട് താങ്കളെ സഹായിക്കാൻ. അപ്പോൾ അദ്ദേഹം പറഞ്ഞു. അലീ, നിനക്കറിയുമൊ, എന്നേക്കാൾ, എന്റെ പിതാവിനെക്കാൾ മഹാനായ ഒരു മനുഷ്യൻ സ്വന്തം ഭൂമിയിൽ കൈകൊണ്ടധ്വാനിച്ചവരാണ്. ഞാൻ ചോദിച്ചു. ആരാണത്. പ്രവാചക ശ്രേഷ്ഠൻ തന്നെ. അമീറുൽ മുഅ്മിനീനും, എന്റെ മറ്റു പിതാക്കളുമെല്ലാം സ്വയം അധ്വാനിച്ചു ജീവിക്കുന്നവരാ യിരുന്നു. (ഫുറൂഉൽ കാഫി,കീലീനി,പേജ് 5/75)

അബൂ അബ്ദുല്ല(റ)യുടെ അടുക്കലേക്ക് ഒരിക്കൽ ഒരാൾ കടന്നു വന്നു. അയാൾ പറഞ്ഞു. സമൃദ്ധമായ ഭക്ഷണം ലഭിക്കാൻ എനിക്കു വേണ്ടി താങ്കൾ അല്ലാഹുവിനോട് പ്രാത്ഥിച്ചാലും. ഇല്ല, നിനക്കു വേണ്ടി ഞാൻ പ്രാർത്ഥിക്കില്ല. അല്ലാഹു കൽപിച്ചതു പോലെ അധ്വാനിച്ചുണ്ടാക്കാൻ നോക്ക്. അദ്ദേഹം മറുപടി കൊടുത്തു തിരിച്ചയച്ചു. (ഫുറൂഉൽ കാഫി, കീലീനി, പേജ് 5/75)